


ഒന്ന് ടിന്ന്

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

എയ്‌സ് ടീയെസ്സ് O പ്രസിദ്ധീകരണം, വിതരണം: കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ–680002 O അച്ചടി: സുശാന്ത് പ്രിൻറിങ്ങ് ഹോം, കോഴിക്കോട് O ഒന്നാംപതിപ്പ്: ആഗസ്ത് 1989 O വില : രണ്ട് രൂപ.

Malayalam O Ayes teeyes O Published & distributed by: Kerala Sastra Sahithya Parishad, Trichur- 680002 O Printing: Susanth Printing Home, Calicut O First edition : August 1989 O Price: two Rupees.

KSSP 0421 IE Aug-89 20 K 2.00 LL 11—DP-89

ഉപ്പ് (മാപ്പിളപ്പാട്ട്)

അമ്പതു പൈസക്കിന്നു ലഭിച്ചീടുന്നൊരു കറിയുപ്പിനിമേൽ
അഞ്ചര രൂപാ വിലയായുയരാൻ പോകുന്നു
അയഡിൻ ചേർത്തോരുപ്പിൻ പേരു പറഞ്ഞീമുതലാളിത്തം
അധികം ഭാരം നമ്മുടെ തലയിലേററുന്നു ...,

(അമ്പതുപൈസക്കിന്നു....)

ഗോയിററന്നുള്ള രോഗം മാററാനെന്നും പറഞ്ഞ
പായ്ക്കററുപ്പ് വാങ്ങിപ്പിച്ച് പാവങ്ങളെപ്പിഴിഞ്ഞ്
സ്വന്തം കീശ വീർപ്പിക്കാനുള്ളടവുമായ് വരുന്നൂ

ഇതിലും വലുതാം രോഗം പലതില്ലേ—ഇവിടിന്നീട്ടെന്തേ
പ്രതിരോധങ്ങൾ ഫലവത്താകാത്തൂ—അതുകൊണ്ടുതന്നെ
കുത്തകക്കാരനുവേണ്ടീട്ടാണിതെല്ലാം നാട്ടാരേ
അമ്പതുപൈസാ....

(അമ്പതുപൈസക്കിന്നു...)

കുഷ്ഠംമൂലം കഷ്ടപ്പെട്ടവോർ കൂടുതലിന്ത്യയിലാണല്ലോ
ജീവകം A യുടെ കുറവാലന്ധതയനുദിനമിവിടെ പെരുകുന്നു
ക്ഷയരോഗത്താലിവിടെ മരിപ്പവരഞ്ചരലക്ഷം വരുമല്ലോ

കണ്ടില്ലെന്നു നടിക്കുവതെന്താണ്—ഇതിനൊക്കെ പ്രതിവിധി
തേടാനിനിയും വൈകുകയാണല്ലോ—എന്നിട്ടിപ്പോൾ
ഉപ്പിനുള്ള തകരാറും കുത്തിപ്പൊക്കി നടക്കുന്നു
അമ്പതുപൈസാ....

(അമ്പതുപൈസക്കിന്നു....)

ഗോയിററർ ബാധിച്ചവരിന്ത്യയിൽ വളരെക്കുറവാണെന്നാലും
അയഡിൻ ചേർത്തോരുപ്പെല്ലാരും വാങ്ങിക്കേണ്ടൊരു ഗതിയെത്തും
പാവപ്പെട്ടവരതു വാങ്ങിക്കാൻ പണമില്ലാതെ വലഞ്ഞിടും

രോഗം വന്നവനല്ലെ ചികിത്സ—അതുതന്നെയല്ലി
അയഡിൻറംശം കൂടിപ്പോയാലും—ഈ രോഗം നമ്മിൽ
വന്നുചേരാനിടയുണ്ടെന്നല്ലേ ശാസ്ത്രം പറയുന്നൂ
അമ്പതുപൈസാ ...

(അമ്പതുപൈസക്കിന്നു...)

ഉപ്പ് II

ബാപ്പുജി വൈദേശീയ ഭരണത്തിൻ കീഴിൽ പണ്ട്
ദണ്ഡിയിൽ നടത്തിയപോലെയിന്ന്
ഭാരത മക്കളേ നാം പുതിയൊരു സത്യാഗ്രഹം
ഉപ്പിനുവേണ്ടി നടത്തേണം.

കറിയുപ്പെന്നൊരു സാധനമിനിയും
കണികാണാനും കിട്ടൂല്ല
കവറിൽ നിറച്ചൊരു കമ്പനിയുപ്പിന്
കനത്ത വില നാം നൽകേണം
കഴുത്തറക്കും കുത്തക നമ്മെ—

കബളിപ്പിക്കും തന്ത്രങ്ങൾ
കരുതിയിരിക്കു കൂട്ടരെ അവരുടെ
അയഡീകരണ കുതന്ത്രങ്ങൾ

ചെറുകിട ഉപ്പളങ്ങളാകെ തകർത്തിന്ന്
വൻകിടക്കാരെ തുണച്ചിടുന്നു
സ്പ്രിംഗിളും ടപ്പിക്കിളുമായ് കൊള്ള നടത്തുവാൻ
സബ്സിഡി സർക്കാരവർക്കേകുന്നു

ഗോയിററിന്നുള്ള രോഗം പോക്കാനെന്നും പറഞ്ഞ്
ഗതിയില്ലാപാവങ്ങടെ കറിയുപ്പും തടഞ്ഞ്
ഗോയിററില്ലാത്തവർക്കും പാക്കറ്റുപ്പ് കൊടുത്ത്
കനിവില്ലാ കുത്തകകൾ പാവങ്ങളെ പിഴിഞ്ഞു.

(ചെറുകിട ഉപ്പളങ്ങളാകെ ..)

തുടിപ്പാട്ട്

നേരമൊട്ടും വൈകിയില്ല
കൂട്ടുകാരെ പോരു ... കൂട്ടുകാരെ പോരു
പേരെഴുതാം വായിക്കാം
ലോകവിവരം നേടാം, ലോകവിവരം നേടാം

മർത്ത്യരായ് നാം പിറന്ന
മണ്ണിതിന്റെ ഗന്ധം

വേർപ്പുനീരിൻ ഗന്ധമെന്തു
വേർതിരിച്ചറിയാം, വേർതിരിച്ചറിയാം (നേരമൊട്ടും)

പണിയെടുത്തു പണിയെടുത്തു പാരു പുത്തനാക്കി
പണിയെടുത്തു പണിയെടുത്തു എല്ലുവെള്ളമാക്കി
മെയ്യനങ്ങാ വേല ചെയ്യോർ മേലെ മേലെയായി
മെയ്യുരുകി വേല ചെയ്യോർ വയ്യവയ്യെന്നായി

എന്തുകൊണ്ടിത്?....എന്തുകൊണ്ടിത്?
എന്നറിയില്ലെന്നോ?....?
സ്വന്തം മണ്ണിൻ വിലയറിയാൻ
നേരമായില്ലെന്നോ?.... നേരമായില്ലെന്നോ? (നേരമൊട്ടും)

അക്ഷരങ്ങൾ മൂർച്ചയുള്ളോരായുധമാകുമ്പോൾ
പുസ്തകങ്ങൾ നമ്മളുടെ കൂട്ടുകാരാകുമ്പോൾ
സംഘബോധം നമ്മളെ നയിക്കുവാനെത്തുമ്പോൾ
സംഗതികളൊക്കെ നമ്മുടെ ഇംഗിതം പോലാകും
ഇംഗിതംപോലാകും ... (നേരമൊട്ടും....)

–മുല്ലനേഴി

ഉണർത്തുപാട്ട്

വഴിയൊരുക്കുവിൻ പ്രബുദ്ധരാം മഹാജനങ്ങളെ
സഹകരിക്കു ഗ്രാമശാസ്ത്ര ജാഥയിൽ ജനങ്ങളെ
അരുമ നാട് നമ്മളെ വളർത്ത നാട് കേരളം
അനുദിനം മെലിഞ്ഞു പോയിടുന്നതെന്തു കാരണം

അങ്ങുനോക്കു തലയിൽ മൊട്ടമാത്രമുള്ള മലകളെ
കൊണ്ടുപോയതാർ നമുക്ക് മഴതരും മരങ്ങളെ
ഇങ്ങുനോക്കു! പുഴകളിൽ വിഷദ്രവം നിറഞ്ഞുപോയ്
നഞ്ചു തിന്ന് മത്സ്യമൊക്കെ ചത്തടിഞ്ഞു തീർന്നുപോയ്
കൂമ്പു ചീഞ്ഞു വേരു ചീഞ്ഞു തെങ്ങിനം തകർന്നുപോയ്
കായ്ഫലം കുറഞ്ഞുതെങ്ങ് പീററയായ് മറിഞ്ഞുപോയ്

കുടിലിലുള്ള കുട്ടികൾക്ക് പാലു വാങ്ങിടാതെ നാം
തടി വിയർത്ത കാശുകൊണ്ട് കള്ളടിച്ചു പൂസ്സിലായ്
ബോധമററ നമ്മളിൽ വിവേക ബുദ്ധിചോർന്നുപോയ്
ബാധയേററു കണ്ണുപൊട്ടരായ് മുഴുത്ത വങ്കരാം

ഉണരുവിൻ ഉണർത്തുവിൻ ഉറങ്ങുവോരെയൊക്കെയും
സഹകരിച്ചൊരുക്കുവിൻ കുതിക്കുവിൻ തകർക്കുവിൻ

–കെ. പി. കായലാട്

വികസനം

രണ്ടുപേർ പരസ്പരം ശണ്ഠകൂടിക്കൊണ്ട് ഓടിവരുന്നു.

പിടിവലി........

ഒരാറം ഇടപെടുന്നു.

ഹേയ് എന്താ! എന്താ പ്രശ്നം.

ഒന്നാമൻ: എൻെറ കൃഷിയിടത്തിലേക്ക് കനാലിൽനിന്നൊരു ചാല് വെട്ടാൻ ഈ എമ്പോക്കി സമ്മതിക്കുന്നില്ല.

രണ്ടാമൻ: അതു പിന്നേയ് തൻെറ കൃഷിയിടത്തിന് മാത്രം പോരല്ലോ വെള്ളം. കഴിഞ്ഞ തവണയും താൻ ഇതേ പണി ഒപ്പിച്ചു. കേക്കണം സാറേ. പത്ത് പന്ത്രണ്ട് കോടി രൂപാ ചിലവുണ്ടെന്നാ പറയുന്നത് ഇതിന്. എന്നിട്ട് വെള്ളം ഇവനൊരുത്തൻ മാത്രം എടുത്താൽ മതിയെന്ന്. ദാണ്ടെ അനാവശ്യം പറഞ്ഞാലുണ്ടല്ലോ പല്ലടിച്ച് കൊഴിക്കും ഞാൻ.

ഒന്നാമൻ: (മുണ്ട് തററുടുത്തുകൊണ്ട്) എന്നാൽ അതൊന്ന് കാണട്ടടാ

ഇടപെടുന്നയാറം: ശെ ശെ നിർത്ത്, നിർത്ത്. ആട്ടെ കനാലിൽ ഇപ്പോറം വെള്ളം ഉണ്ടോ?

രണ്ടുപേരും: ഇല്ലാ!!!!.

ഒന്നാമൻ: ഇന്നലെ വെള്ളം വരുമെന്നാണ് പറഞ്ഞിരുന്നത്.

താതിന്ത താതിന്ത തോതിന്ത തൈ തൈ
താതിന്ത താതിന്ത തോതിന്ത തൈ തൈ
വികസനം കൊണ്ടെങ്ങും വീർപ്പുമുട്ടി
വികസിച്ചു വികസിച്ചു വികലമായി
വിജയം പ...പർക്കത്തിൽ നിന്നുമായി
വിഷമതാ മാളോർക്കു വന്നുകൂടി
താതിന്ത.......................
....

കാറു ലോറി ബസ് വാഹനങ്ങറം
ആരുടേതൊക്കെയോ പാഞ്ഞുപോണു.
ഏറ്റം വികസനം നോക്കി നാട്ടിൽ
പീറകറം വിസ്മയം പൂണ്ടിടുന്നു.
താതിന്ത..
....

പച്ചവിരിപ്പിട്ട പാടമാക്കാൻ
കൊച്ചു കനാലുകൾ നാട്ടു നീളെ
അച്ചൻ കനാലുമീ കേരളാമ്മേ
ട്ടച്ചിയിലൂടെ കഴിച്ചിടുന്നു.
താതിന്ത..
....

ഓഡറിടുന്ന തമ്പ്രാക്കന്മാരും
നാട്ടു നന്നാക്കും കോൺട്രാക്ടർമാരും
കൂടിച്ചേർന്നൊന്നു കളിച്ചീടുന്നു.
മേടകൾ ഈ കൂട്ടർ ക്കേറിടുന്നു.
താതിന്ത.................... ....
....

പണ്ടമെല്ലാം വിററു കർഷകരും
കണ്ടമൊരുക്കീട്ടു കാത്തിരിപ്പായ്
ഉണ്ടോ കനാൽവെള്ളമെത്ര കഷ്ടം
വിണ്ടുകീറി കർഷകൻെറ നെഞ്ചും
താതിന്ത..
....

കുടിവെള്ളം കിട്ടാത്ത നാട്ടുകാരേ
വികസിപ്പിച്ചീടുവാനായ് വിദഗ്ധർ
ഉപദേശിച്ചീടുന്നു മീൻ വളർത്താൻ
ഉമിനീരിൽ വളരാത്ത മത്സ്യമുണ്ടോ?
താതിന്ത..
....

ഇവിടെ ജനായത്തം നാമമാത്രം
അധികാരമൊക്കെയും മുകളിൽ മാത്രം
അവരുടെ പദ്ധതിയത്രമാത്രം
ജനതയിലെത്തുന്നതെത്രമാത്രം
താതിന്ത..
....

എത്തണമിവിടെ ജനത്തിൻ കയ്യിൽ
കേന്ദ്രത്തീന്നധികാരം സ്റ്റേററിന്
സ്റ്റേററിൽനിന്നും പഞ്ചായത്തിന്
പഞ്ചായത്തിന്നധികാരം ഇനി
നമ്മുടെ കൈകളിൽ വന്നേപററൂ.
താതിന്ത..

അധികാരം

വേദിയിൽ അധികാര താണ്ഡവം.

യേയേയോ യേയേയേയോ യേയേയേയോ യേയേയേയോ (2)
പലഭരണം മാറിവരട്ടെ പരിതാപം അതിലില്ല നമുക്ക്
അധികാരം നമ്മുടെ കൈകളിൽ മതിമതി ഗർദഭ പുരിയിലി
തെല്ലാം. (യേയേ....)
ഇവിടെന്തു നടത്തണമെന്നും ഇവിടെങ്ങനെയതു ചെയ്യണമെന്നും
മുകളത്തെ അധികാരികരം നാം തെരുതെരെ നാട്ടിൽ നടപ്പിൽ
വരുത്തും (യേയേ....)

[താണ്ഡവം തീരാറാകുമ്പോരം വേദിയുടെ ചുററും നിന്ന് ജനങ്ങരം 'ഞങ്ങരംക്ക കുടിവെള്ളം വേണേ ...ഞങ്ങരംക്ക് ജലസേചനം വേണേ.... ഞങ്ങരംക്കാശുപത്രി വേണേ—ഞങ്ങളുടെ നാട്ടിൽ വ്യവസായസ്ഥാപനങ്ങരം വേണേ....' എന്ന മുറവിളിയോടെ വേദിയിലേക്ക് കടന്നുവരുന്നു.

അധി: 1 — നമ്മുടെ കേളീരംഗത്തേക്ക് ആരൊക്കെയോ കടന്നുവരുന്നല്ലോ.

അധി: 2 — വിവേകമില്ലാത്ത സമൂഹത്തിൻെറ ദീനരോദനങ്ങരം കേട്ട് തഴമ്പിച്ച ചെവികളല്ലേ ഉള്ളത്. നമുക്ക തുടങ്ങാം. (ജനം വീണ്ടും മുറവിളി കൂട്ടുന്നു.)

അധി: (ജനത്തിന് നേരെ തിരിഞ്ഞ്) എന്തിനായിട്ട് ഇവിടേക്ക കടന്നുവന്നു....?ഗെററൗട്ട്!

ജനം: ഞങ്ങരം കുടിവെള്ളം കിട്ടാതെ വലയുന്നു.

അധി: (അട്ടഹസിക്കുന്നു.) അതിനവിടെ ആഡിറേറാറിയം അനുവദിച്ചിട്ടുണ്ടല്ലോ (ചിരി.)

ജനം: ഞങ്ങരംക്ക് കൃഷിക്ക് ജലസേചനം വേണം.

അധി: അതിനവിടെ പാർക്കില്ലേ.

ജനം: ഞങ്ങടെ നാട്ടിൽ നിരക്ഷരരുടെ എണ്ണം പെരുകുന്നു.

അധി: (തമ്മിൽ നോക്കിചിരിച്ച്) അതിനല്ലേ ഫാമിലി പ്ലാനിംഗ്.

ജനം: ഞങ്ങടെ നാട്ടിൽ വ്യവസായങ്ങളൊന്നുംതന്നെയില്ല.

അധി: അതിനവിടെ ഇംഗ്ലീഷ്മീഡിയം സ്കൂളില്ലേ....? (അട്ടഹസിക്കുന്നു.)

ജനം: ജനങ്ങരംക്ക് വേണ്ടത് ജനങ്ങരം പറയും. അത് നിങ്ങരം നടപ്പാക്കിയാൽ മതി.

അധി: എന്തു നടപ്പിലാക്കണമെന്ന് ഇവിടെ തീരുമാനിക്കും. വിവേകമില്ലാത്ത സമൂഹം (അട്ടഹാസം). ജനായത്തം—ജനായത്തം....

പോ പോ....മാനവകീടമേ.... (ജനം കോപത്തോടെ ചുററും കൂടുന്നു, വടിയെടുത്ത്)

ജനം: അധികാര വികേന്ദ്രീകരണം വരണം ഗ്രാമത്തിൻ വികസന—
പരിപാടികൾ വിജയിക്കണമെന്നാകിൽ, തെയ്താരകതൈതൈ
പദ്ധതിയെത്ര മഹത്തരമാണേലും നാടിനു ചേരാത്തൊരു—
പദ്ധതികൊണ്ട് പ്രയോജനമുണ്ടാമോ, തെയ്താ....
തലതിരിയുന്നാസൂത്രണ പദ്ധതികൾ തലസ്ഥാനങ്ങളിലെ—
തലവൻമാരു നടപ്പിൽ വരുത്തുന്നു, തെയ്....
തലമുറയായ് കൃഷിചെയ്യുന്നവരല്ലേ, ഈ മണ്ണിൽ വേണ്ടൊരു—
കൃഷിയെപററി അറിഞ്ഞീടാനാവൂ, തെയ്....
ഫാൻ കീഴിൽ പാൻറിട്ടിട്ടൊരു പേനായും കടലാസുമതായി—
പ്ലാനിൽ കഴിയുന്നോൻ മണ്ണറിയുന്നോ, തെയ്....
പദ്ധതി പലതു കിഴുക്കാം പാടല്ലോ, അതു മാററാനുള്ളൊരു—
പദ്ധതി ജനതയിലധികാരം വരണം, തെയ്....
മുകളിൽ കയ്യാളുന്നധികാരങ്ങൾ ഗ്രാമീണരിലെത്തുകി—
ലുണരും ജനാധിപത്യം ദൃഢമായും തെയ്താരക തെയ്തെയ്.

—പനങ്ങാട് പി. കെ. തങ്കപ്പൻപിള്ള

ഏയെസ്ടീയെസ്

വരാംച്ച- വെള്ളത്തിനു കാത്തുനിൽക്കുന്നു-വണ്ടിവരുന്നു; നിർത്താതെ പോകുന്നു.

ഗ്രൂപ്പ്: അത് നമ്മുടെ വാർഡിലേക്കുള്ളതല്ല. ഇങ്ങനെ വെള്ളംകൊണ്ടു വരുന്ന ലോറി കാത്തു നിൽക്കാനാണ് നമ്മുടെ വിധി.

ഗ്രൂപ്പ്–1: അല്ല, നമുക്കിവിടെ പഞ്ചായത്തിന്ന് ഒരു കിണറ് പാസായിന്ന് കേട്ടിരുന്നല്ലോ. എന്തായി അതിൻെറ സ്ഥിതി.

ഗ്രൂപ്പ്-2: ''സർക്കാരു കാര്യം മുറപോലെ'' എന്നല്ലേ-?

ഗ്രൂപ്പ്–3: ഏതായാലും ഈ സ്ഥിതി. തുടർന്നാൽ നമ്മളൊക്കെ വെള്ളം കിട്ടാതെ മരിക്കുകയേ ഉള്ളൂ.

ഗ്രൂപ്പ്–4: എന്ന് പറഞ്ഞാൽ...... മതിയോ, നമുക്കൊരു മെമ്പ റില്ലേ? അങ്ങേരെന്താ പറഞ്ഞത്?

ഗ്രൂപ്പ്–5: അതിൻെറ കടലാസൊക്കെ അന്നേ ശരിയാക്കി അയച്ചിട്ടുണ്ടത്രേ. ഇപ്പോഴത്തെ കഥയെന്താന്ന് അറിയില്ല.

കോറസ്: ഇനിയും കാത്തിരിക്കാൻ വയ്യ. മെമ്പറെക്കൂട്ടി നമുക്ക് ആപ്പീസിലേക്ക് പോകാം.

(—സീക്വൻസ് മാറുന്നു —പഞ്ചായത്താപ്പീസ്)

(ഗ്രൂപ്പു വരുന്നു.)

Exi: എന്താ, മെമ്പറും എല്ലാരുംകൂടെ-?

മെമ്പർ–ഞങ്ങടെ വാർഡിലെ കുടിവെള്ളത്തിൻെറ പ്രശ്നം അറിയാമല്ലോ. അതിനായി കിണറു കുഴിക്കാൻ ബോർഡ് തീരുമാനിച്ചിരുന്നു. അതിൻെറ ഇപ്പോഴത്തെ സ്ഥിതി എന്തായെന്നറിയാൻവേണ്ടിയാണ് ഞങ്ങളിങ്ങോട്ടു വന്നത്. സാറതൊന്നു വിശദമായി പറഞ്ഞുതരണം.

Exi : ഇവിടുന്നു ചെയ്യേണ്ട പണിയൊക്കെ ചെയ്തിട്ടുണ്ട്. 35000 രൂപയാണ് അതിന് എസ്റ്റിമേററ്. എല്ലാം ശരിയാക്കി ഏയെസിന് അയച്ചിട്ടുണ്ട്.

ഗ്രൂപ്പ്: ഏയെസോ....അതെന്താ?

Exi : അഡ്മിനിസ്ട്രേററീവ് സാങ്ഷൻ; അതായത് ഭരണപരമായ അനുമതി. ഡി.പി.ഒ. ആണ് സാങ്ഷൻ ചെയ്യേണ്ടത്. ഇനി നിങ്ങളൊന്നു ശ്രമിക്ക്–25,000 രൂപയ്ക്കു മുകളിൽ എസ്റ്റിമേററുള്ള വർക്ക് സാങ്ഷൻ ചെയ്യേണ്ടത് അങ്ങേരാണ്. ഞാനെന്തു ചെയ്യും?

(ഗ്രൂപ്പ്: ഏയെസ് എന്നാവർത്തിച്ചുകൊണ്ട് മുന്നോട്ടോടുന്നു. ദൃശ്യം DPOffice ആകുന്നു.)

1 : ഞങ്ങൾ കുറേദിവസമായി സാറിനെ കാണാൻവരുന്നു. ഞങ്ങൾ.. പഞ്ചായത്തിലെ ...വാർഡുകാരാണ്. ഞങ്ങളുടെ കിണറിൻെറ കടലാസ് ഇവിടെ വന്നാൽ ശരിയാകും എന്ന് പഞ്ചായത്തിന്ന് പറഞ്ഞു.

DPO: എസ്റ്റിമേററു കിട്ടിയിട്ടുണ്ട്. പക്ഷെ, നിങ്ങളുടെ പഞ്ചായത്തിലേത് പതിനെട്ടാമത്തെ യാ. ജസ്റ്റ് ഫൈവ് ലാക്സിന് താഴെ മാത്രം ഇൻകമുള്ള നിങ്ങളുടെ പഞ്ചായത്തിന് ഇത്തരമൊരു വർക്ക് എങ്ങനെ ഏറെറടുത്തു നടത്താൻ പററും. ങാ–കുടിവെള്ള പ്രശ്നമല്ലേ? ശരിയാക്കാം. പക്ഷെ, എന്താകാര്യം? ഇനി ടീയെസ്കൂടി കിട്ടേണ്ടിവരും.

ഗ്രൂപ്പ്: ടീയെസോ അതെന്താ?

DPO: ടെക്നിക്കൽ സാങ്ഷൻ. അതായത് സാങ്കേതിക അനുമതി. എക്സി: എഞ്ചിനീയറാണ് അത് നൽകേണ്ടത്. പേപ്പർ ഞാനയച്ചേക്കാം. വേഗം ശരിയാകണമെങ്കിൽ നിങ്ങൾതന്നെ പോകണം. (ഗ്രൂപ്പ് 'ടീയെസ്' എന്നാവർത്തിച്ച് മുന്നോട്ടോടുന്നു. ദൃശ്യം—ഇ. ഈ ഓഫീസാകുന്നു.)

EE : ഓ–നിങ്ങളുടെ കിണർ. ഇവിടെ വലിയ തിരക്കാ. സ്റ്റാഫാണെങ്കിൽ കുറവ്. സൈററിൽ പോകാനുള്ളതുകൊണ്ട് ഓഫീസിലിരിക്കാനേ സമയം കിട്ടുന്നില്ല. അതിരിക്കട്ടെ നിങ്ങൾ തന്നെയാണ് പണി ഏറെറടുക്കുന്നതെന്ന് അല്ലേ പറഞ്ഞത്. എങ്കിൽ പത്തിരുപതിനായിരം ഉറുപ്പികയല്ലേ കിട്ടു. അതു കൊണ്ട് പണി മുഴവനാക്കാൻ പററ്വോ? വെള്ളം കുടിക്കണമെ

കിൽ ഒരു കോൺട്രാക്ടറെ ഏല്പിച്ചോ. അങ്ങനെയാണെങ്കിൽ ടെക്‌നിക്കൽ സാങ്ഷൻ നാളെതന്നെ അയച്ചേക്കാം. എന്താ? (ഗ്രൂപ്പ് പുറകോട്ട്—പഞ്ചായത്താപ്പീസ്.)

എക്സി: Asഉം Tsഉം ശരിയായി. വർക്കിനു ടെണ്ടറിട്ടു. നഷ്ടമാകുമെന്നു പറഞ്ഞ് ഫിഫ്റ്റി പെർസൻറ് എബോ ആണ് കുറഞ്ഞ ടെണ്ടർ. അതിനും സാങ്ഷൻ വേണം. ഡയറക്ടറുടെ സാങ്ഷൻ, തലസ്ഥാനത്ത് പോകണം. നിങ്ങൾതന്നെ പോകണം.

ഗ്രൂപ്പ് (അമർഷത്തിൽ) നിങ്ങൾ പോകണം.

1. ജില്ലാ പഞ്ചാ: ആഫീസിൽ നമ്മൾപോകണം.
2. എഞ്ചിനീയർ ,, ,,
3. ഡയറക്ടർ ,, ,,

ഗ്രൂപ്പ്: എന്തിന്? (ജനങ്ങളോടായി.)

1. നമ്മുടെ നാട്ടിലെ കിണർ
2. നമ്മൾക്കുവേണ്ടിയുള്ള കിണർ.
3. നമ്മൾ കുഴിക്കേണ്ട കിണർ.
4. നമ്മൾക്ക് കുടിക്കാനുള്ള വെള്ളം.
5. നമ്മുടെ പഞ്ചായത്തിൻെറ പണം.

കോറസ്: പക്ഷെ എല്ലാം അവരുടെ തീരുമാനം കാത്ത് കഴിയുന്നു. —

പുത്തൻ അടിമകൾ

കാടുവെട്ടി കൃഷി ഇറക്കി
വീട്കെട്ടി നിലയുറച്ച്
നാടുണ്ടാക്കി നഗരമുണ്ടായ്
റോഡ്, തോട്, റെയിലുണ്ടായി
മണ്ണ് നീക്കി പാറമാററി
കാരിരുമ്പ് കയ്യിലാക്കി
എണ്ണ കിട്ടി കരിയും കിട്ടി
നല്ല പണിശാലപൊങ്ങി
കട്ടിയിരുൾ വെട്ടിനീക്കി
പാതിരാവും പകലായ്മാററി
മാനം നീളെ പാറിടുവാൻ
വ്യോമയാന ചിറകുണ്ടാക്കി
കന്നിമണി കതിരുകളാൽ
കുന്നുയരെ ചോറുണ്ടാക്കി
കുന്നിമണിച്ചെപ്പുകളിൽ
കിന്നര കഥയൊരുക്കി
പൊന്നമ്പിളി മീതെയേറി
മന്നന്മാരായ് മാറി നമ്മൾ

ഇക്കാണുന്നതിൻെറയൊക്കെ
നല്ലെഴും ഉടമകളായ്
കഷ്ടമെന്നാലിപ്പഴും നാം
നിൽക്കുവതടിമകളായ്....അടിമകളായ്....നിൽക്കുവത് അടിമകളായ്
(ഇടപെടൽ) [എന്താണിതിന് കാരണം?എന്താണ് പോംവഴി
എന്നൊക്കെയുള്ള സംഭാഷണം]

അതിന് കാരണമറിവിൻകൂട്ടരെ
അകലെയിന്നധികാരം
നമുക്കു നമ്മുടെ തനതാമാവശ്യ—
മറിയാനില്ലവകാശം
എടുത്തവർ തട്ടിപ്പറിച്ച് നമ്മുടെ
കരളും കൈകളുമെല്ലാം
അധികാരത്തിൻെറ ചരടാലാക്കൂട്ടർ
കുരുക്കി തുള്ളിപ്പൂ നമ്മെ
ചെറുക്കണമതിനെതിർക്കണം, ചെറ്റും
മടിച്ചു നിൽക്കരുതാരും
അധികാരം നമ്മിൽ വരുവാനായിട്ടി
ന്നൊരുമയോടെ മുന്നേറാം.

കൊടക്കാട് ശ്രീധരൻ

"ജനം പരിപാടി"

പഞ്ചവാദ്യവുമായി ആനയെ എഴുന്നള്ളിക്കുന്ന രൂപത്തിൽ വരുന്നു. ബാനർ പിടിച്ചവർ അത് മടക്കി പിന്നോട്ടു നീങ്ങുന്നു. എഴുന്നള്ളത്തം ഫ്രീസ് ചെയ്യുന്നു.

ഒരാൾ: ദേശീയതൊഴിൽദാന പദ്ധതിയനുസരിച്ച് ജീവനോപാധി വിതരണം ചെന്നതിൻെറ ഭാഗമായി നമ്മുടെ നാട്ടിലെ ദരിദ്രരിൽ ദരിദ്രനായ ചാത്തു മകൻ കോരന് ജീവനോപാധിയായി ഒരാനയെ ഈ ചടങ്ങിൽവച്ച് നൽകുന്ന വിവരം നിങ്ങളെ ഏവരേയും സന്തോഷപൂർവ്വം ഞാൻ അറിയിക്കുകയാണ്.

ആന ദാനോൽഘാടനം നിർവ്വഹിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ജില്ലാ കലക്ടറെ ക്ഷണിക്കുകയാണ്. കലക്ടറിൽനിന്നും വടിയും തോട്ടിയും ഏററുവാങ്ങുന്നതിനുവേണ്ടി കോരനെ ക്ഷണിച്ചുകൊള്ളുന്നു.

(കോരൻ സ്വർഗം കൈയിൽ വന്നപോലെ വർദ്ധിച്ച സന്തോഷത്തോടെ വരുന്നു.)

കലക്ടർ വടിയും തോട്ടിയും കോരനെ ഏല്പിക്കുന്നു. ജനം കൈയ്യടിക്കുന്നു. (ഉദ്ഘാടനം ഫോട്ടോ എടുക്കുന്നു.)

കോരൻ ആനയേയുംകൊണ്ട് വീട്ടിലേക്ക് മടങ്ങുന്നു. പോകുന്നു.
കോരൻെറ വീട് കോരൻ വിഷണ്ണനായി ഇരിക്കുന്നു. അയൽക്കാരൻ വരുന്നു: ആ....എന്തൊക്കെയുണ്ട് കോരാ....വിശേഷം നീ രക്ഷപ്പെട്ടെടാ....നിനക്ക് ആനയെ കിട്ടിയില്ലേ.

കോരൻ: ആനയെ കിട്ടി. ആകെ ഗതികേടിലായി.

അയൽ : ഉം.... അതെന്താ?

കോരൻ: ആനയ്ക്കാണെങ്കിൽ പണിയില്ല. ബാങ്കുകാര് പണം തിരിച്ചടക്കാത്തത് കാരണം ജപ്തിക്ക് വരുന്നെന്നാണറിഞ്ഞത്. ആനക്ക് തീററയുമില്ല. അതിനാണെങ്കിൽ കുറച്ചെങ്കിലും മതിയോ എന്തു ചെയ്യും?

(കോരൻെറ മകൻ ഓടിക്കിതച്ച വരുന്നു)

മകൻ : അച്ഛാ....അച്ഛാ....നമ്മുടെ ആന കയറുപൊട്ടിച്ച് വടക്കേലെ തോട്ടത്തിൽ കടന്ന് വാഴകളൊക്കെ നശിപ്പിച്ചു. അവിടുത്തെ അയാളുണ്ട് ഇങ്ങോട്ടുവരുന്നു! ഇനിക്ക് പേട്യാവുന്നു!

കോരൻ: അശ്രീകരം. എൻെറ കുടുംബം കുളം തോണ്ടിയത് പോരാഞ്ഞ് ഇപ്പം അയലത്തെ വീട്ടിലായോ? ഇനി എന്തൊക്കയാണുണ്ടാവുക! (ഓടിപ്പോകാൻ ശ്രമിക്കുന്നതിനിടയിൽ രോഷാകുലനായി അയൽപക്കക്കാരൻ വരുന്നു)

അയൽ: എടോ....ആനയ്ക്ക് തീററകൊടുക്കാൻ പററില്ലെങ്കിൽ കൊണ്ട് പോയി കൊല്ല്. കുറേക്കാലമായി ഇതിൻെറ അലറല് കേട്ടു ഞാൻ ഉറങ്ങാറില്ല. ഇപ്പം വാഴത്തോട്ടത്തിലായി. മുഴുവനും ആ ജന്തു നശിപ്പിച്ചു. മര്യാദക്ക് ആനയെ വളർത്താൻ കഴിയില്ലെങ്കിൽ നിൻെറ പല്ല് ഞാൻ അടിച്ചുകൊഴിക്കും. ആ....
(രോഷാകുലനായി പോകുന്നു)

നരേററർ: അവസാനം കോരൻ ഗത്യന്തരമില്ലാതെ ആനയുമായി കലക്ടറാഫീസിലേക്ക് പോകുന്നു.

കോരൻ: ആനയുമായി ഓഫീസിലേക്ക് പോകുന്നു. ജോലിയിൽ വ്യാപൃതനായ ഓഫീസർ ഓർക്കാപ്പുറത്ത് ആനയുടെ ചിന്നം വിളി കേട്ട് ഞെട്ടിത്തരിച്ചു നിൽക്കുന്നു. കോരനെ കണ്ട് ഓടാൻ ശ്രമിക്കുന്നു. കോരൻ ഓഫീസറെ പിടിച്ചുവയ്ക്കുന്നു.)

കോരൻ: (ഓഫീസറെ വടിയും തോട്ടിയും ഏല്പിക്കുന്നു. ഓഫീസർ ഒന്നും മനസ്സിലാവാതെ പകച്ചു നിൽക്കുന്നു പേടിച്ച് ആനയെ നോക്കുന്നുമുണ്ട്) എടോ ...ഇതാ....എൻെറ ജീവനോപാധി....എനിക്ക് വയ്യ (ആനയെ ചൂണ്ടി) ഇതിനെ പോററാൻ (കോരൻ തിരിച്ചു പോകുന്നു.)

കോറസ്സ്: കണ്ടോ....ഇത് കണ്ടോ....കണ്ടില്ലേ? ജനങ്ങളുടെ ആവശ്യങ്ങളുമായി ബന്ധപ്പെടാത്ത പദ്ധതികളുടെ ഫലം ഇങ്ങനെയായിരിക്കും
പദ്ധതികൾ മുകളിൽനിന്നും രൂപപ്പെടുത്തി താഴേക്ക് എറിഞ്ഞുകൊടുക്കേണ്ടവയല്ല.

ജനങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവർക്ക്കൂടി പങ്കാളിത്തമുള്ള വിധത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യണം.

(സീക്വൻസ് മാറുന്നു.)

ഗ്രാമത്തിലെ വികസന സെമിനാർ

ഗ്രാമീണരായ കുറച്ചു പേരും പഞ്ചായത്ത് പ്രസിഡണ്ട്, വാർഡ് മെമ്പർ, വില്ലേജ് ബ്ലോക്ക് ജീവനക്കാരും ചേർന്ന് യോഗസ്ഥലം ഒരുക്കുന്നു. തിരക്കിലാണ് ഇതൊക്കെ ചെയ്യുന്നത്. വേദിയിൽ രണ്ടുപേർ 'വികസനസെമിനാർ' എന്ന ബാനർ കെട്ടുന്നു. തലതിരിച്ചാണ് ബാനർ കെട്ടിയതെന്ന് തിരക്കിനിടയിൽ അവരാരും അറിയുന്നില്ല.

എല്ലാവരുടേയും ശ്രദ്ധ റോഡിലേക്കാണ് ബിഡിഒ വരുന്നോ എന്നാണ് നോക്കുന്നത്. ജനങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഒരാൾ ഓടിവരുന്നു.

ഒരാൾ : (ഓടിക്കൊണ്ട്) ദാ ...വരുന്നൂ....വരുന്നൂ

എല്ലാവരുംകൂടി ബി.ഡി.ഒ.വിനെ ആനയിക്കുന്നു വേദിയിലേക്ക് കൊണ്ടുവരുന്നു.

(യോഗം ആരംഭിക്കുന്നു)

സ്വാഗതം: സ്നേഹിതന്മാരെ

നമുക്ക് പരിപാടി തുടങ്ങാം. നമ്മുടെ പഞ്ചായത്തിൻെറ വികസനത്തിനായി നമുക്ക് ഒരു പദ്ധതി ലഭിച്ചിരിക്കുന്ന വിവരം ഇതിനകം എല്ലാവരും അറിഞ്ഞിരിക്കുമല്ലോ. ഇതിനെപററി വിശദമായി സംസാരിക്കുവാൻ നമ്മുടെ ബഹുമാനപ്പെട്ട B.D.O. ഇവിടെ എത്തിച്ചേർന്നിട്ടുണ്ട്. അദ്ദേഹത്തെ ഞാൻ ആദ്യമായി സ്വാഗതം ചെയ്യുന്നു. അദ്ദേഹത്തിൻെറ കൂടെ വന്ന മററുദ്യോഗസ്ഥന്മാരേയും ഇവിടെയുള്ള മുഴുവൻ നാട്ടുകാരേയും ഈ യോഗത്തിലേക്ക് സന്തോഷപൂർവ്വം ഞാൻ സ്വാഗതം ചെയ്യുകയാണ്. എല്ലാവർക്കും ഒരിക്കൽകൂടി നന്ദി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

അധ്യ : നമുക്ക് കൈവന്ന മഹാഭാഗ്യത്തെപററി സംസാരിക്കാൻ B.D.O. ഉള്ളത്കൊണ്ട് ഞാൻ വിശദമായി സംസാരിക്കുന്നില്ല. B.D.O.വിനെ വികസന പദ്ധതിയെപററി സംസാരിക്കാനായി ക്ഷണിക്കുന്നു.

BDO: പ്രിയപ്പെട്ട നാട്ടുകാരേ.

നമ്മുടെ നാടിൻെറ നാനാമുഖമായ, ബഹുമുഖമായ, സർവ്വതോമുഖമായ വികസനത്തെ കണക്കിലെടുത്തുകൊണ്ട് നമുക്ക് കൈവന്ന ഈ ഭാഗ്യം നമുക്ക് ലഭിച്ച ഈ പദ്ധതി എന്താണെന്ന് പറയുന്നതിൽ, പ്രഖ്യാപിക്കുന്നതിൽ ഞാൻ അതീവ സന്തുഷ്ടനാണ്.

ഒരു മീൻവളർത്തൽ പദ്ധതി. പുതിയ പദ്ധതിയനുസരിച്ച് നടപ്പിലാകുന്ന ഈ പദ്ധതിയിലൂടെ നിരവധി പേർക്ക് തൊഴിൽ ലഭിക്കും. ഇതോടനുബന്ധിച്ച് നിരവധി വ്യവസായങ്ങൾ വികസിപ്പിക്കും.

വളരെ ലളിതമായ പദ്ധതിയാണിത്. പക്ഷെ, നിങ്ങൾക്കറിയാമോ. ഇതിനാവശ്യമായമീനിനെ എവിടെനിന്നാണ് കൊണ്ടുവരുന്നതെന്ന്? അമേരിക്കയിൽനിന്ന്. (സദസ്യർ തമ്മിൽ അത്ഭുതത്തോടെ നോക്കുന്നു.) ഈ മൽസ്യക്കുഞ്ഞുങ്ങൾ രണ്ടുദിവസംകൊണ്ട് നാലടി നീളം വെയ്ക്കുമെന്നാണ് മത്സ്യവിദഗ്ദർ പറയുന്നത്. ഇവർക്കുവേണ്ട ആഹാരം ജപ്പാനിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്..

(സദസ്യർ തമ്മിൽ: മത്സ്യവിദഗ്ദ്ധർ ജപ്പാനിൽനിന്ന്കൊണ്ടുവരുന്ന ഭക്ഷണം കഴിച്ചാൽ മൽസ്യങ്ങളെങ്ങിനെയാണ് നാലടി വളരുക?

മറ്റൊരാൾ: മൽസ്യത്തിന് കഴിക്കാനുള്ള ഭക്ഷണമാണെടോ കൊണ്ടുവരുന്നത്)

BDO: (തുടരുന്നു.) ഇതിനായി പ്രത്യേകം കുളം കുഴിപ്പിക്കാൻ തന്നെ പരിപാടി യുണ്ട്.

സദസ്സിൽ നിന്നൊരാൾ. കുടിക്കാനുള്ള വെള്ളം പോലും കിട്ടാത്ത ഈ നാട്ടിൽ എവിടെയാണ് സാർ മീൻ വളർത്തുക.

BDO: കുടിവെള്ളം........ ആ.... അത് വാട്ടർ അതോറിററിയുമായി ബന്ധപ്പെട്ട പ്രവർത്തനമാണ്. എങ്കിലും ഈ പ്രത്യേകപദ്ധതി കണക്കിലെടുത്ത് 13 എച്ച്. പി പമ്പ് ഉപയോഗിച്ച് നാം താഴെനിന്ന് വെള്ളം പമ്പു ചെയ്യുന്നതാണ്.

മറ്റൊരാൾ: പമ്പുസൊറ് പ്രവർത്തിപ്പിക്കാൻ ഇവിടെ വൈദ്യുതിയില്ലല്ലോ സാർ

BDO: വൈദ്യുതി....അത്തരം പ്രശ്നങ്ങൾ തരണം ചെയ്യാൻ ഡിപ്പാർട്ടുമെൻറുകൾ വേണ്ട ഏർപ്പാടുകൾ ചെയ്യും. നിങ്ങൾ വേണ്ടാത്ത ചോദ്യങ്ങൾ ചോദിക്കരുത്. അനാവശ്യമായ ചോദ്യങ്ങൾ ചോദിച്ച് ജനോപകാരപ്രദമായ വികസനപദ്ധതികളെ തുരങ്കം വയ്ക്കാൻ ചില തൽപര കക്ഷികൾ നടത്തുന്ന കുത്സിത ശ്രമമാണ് ഇവിടെയും നടക്കുന്നത്. വികസന മോഹികളായ നാട്ടുകാർ ജാഗരൂകരായി ഇരിക്കുവാൻ ഞാൻ അഭ്യർത്ഥിക്കുന്നു. അവരെ........

(സദസ്സിൽ ബഹളം. BDO വിൻെറ ശബ്ദമില്ലാത്ത പ്രസംഗം മാത്രം. ആംഗ്യം)

സദസ്സിൽനിന്നും:—വെള്ളവും വെളിച്ചവുമില്ല. അതുണ്ടാകാതെ ഇതെങ്ങിനെ നടക്കും....നമ്മളെത്ര കാലമായി കുടിവെള്ളത്തി

നായി പണിയെടുക്കുന്നു. ബഹളം മൂർഛരിക്കുന്നു. ജനം സ്റ്റേജിലേക്ക് കയറി.

കോറസ്: ഒരു പ്രദേശത്തിന് യോജിച്ച വികസനപ്രവർത്തനങ്ങളാണ് അവിടെ നടത്തേണ്ടത്. ആവശ്യങ്ങൾ കണക്കിലെടുക്കാത്ത വികസനമല്ല നമുക്ക് വേണ്ടത്. തലതിരിഞ്ഞ വികസനം നമുക്ക് വേണ്ട. അതിനെ നേരയാക്കാൻ നാം തന്നെ ശബ്ദമുയർത്തണം. (ബാനർ അഴിച്ച് നേരെ പിടിക്കുന്നു.)

അറവുശാല

പഞ്ചായത്തിലെ ഒരു അറവുശാലയാണ് രംഗം. ഇറച്ചി എടുത്തുകൊടുക്കുന്ന കുമാരനും അറവുശാലയുടെ മുതലാളിയും രംഗത്തുണ്ട്. ഒരാൾ ഇറച്ചിവാങ്ങാൻ വരുന്നു. എല്ലുകഷണം തേടിയെത്തിയ പട്ടികൾ അയാളുടെ വഴിയിൽ.

ഒന്നാമൻ: അല്ലാ, ഈ പട്ടി കടിക്കുമോ....

മുതലാളി: (പട്ടിയെ ആട്ടികൊണ്ട്) ഹേയ്....മാഷിന് എത്രയാ വേണ്ടത്. കുമാരാ. മാഷ്ക്ക് ആ ഇളത്തത് കൊട്.

ഒന്നാമൻ: (ഈച്ചയെ ആട്ടികൊണ്ട്) ഛെ. ഇവിടെ മുഴവൻ ഈച്ചയാണല്ലോ.

(വാങ്ങണോ എന്ന് സംശയിച്ചുനില്ക്കുന്നു).

രണ്ടാമൻ: എന്തൊരു നാററം

മുതലാളി: ഇറച്ചിക്കടയിൽ പിന്നെ അത്താറ് മണക്കുമോ? നിങ്ങൾക്ക് എത്രയാ വേണ്ടത്?

രണ്ടാമൻ: (ചുററും നോക്കി. മൂക്ക് പൊത്തി) എനിക്കുവേണ്ട.

മൂന്നാമൻ: (ധൃതിയിൽ കടന്നുവന്ന് ഇറച്ചി പരിശോധിച്ച്) എന്താ ഈ ഇറച്ചിക്കു് വല്ല കുഴപ്പവുമുണ്ടോ? ഈച്ചയും ദുർഗന്ധവും.... ഇതിൽ നിറയെ പൊടിയാണല്ലോ....എന്താ ആളെ കൊല്ലുന്നാണോ പരിപാടി?

മുതലാളി: മനുഷ്യനെയല്ല....ഉരുവിന്യാ ഇവിടെ കൊല്ലുന്നത്..

മൂന്നാമൻ: (ഒന്നാമൻേറയും രണ്ടാമൻേറയും അടുത്തേക്കു നീങ്ങി) അല്ലാ....ചോരയൊക്കെ റോഡിലേക്കാണോ ഒഴുക്കുന്നത്?
മുതലാളി: ആ....അതൊക്കെ അങ്ങന്യാപ്പാ.

രണ്ടാമൻ: റോഡിലൂടെ മനുഷ്യനു നടക്കണ്ടെ? എന്തൊരു ദുർഗന്ധവും വൃത്തികേടുമാണ്. (മുതലാളി കാക്കയെ ആട്ടുന്നു.)

കുമാരൻ: പോ....പോ... കാക്കേ....

മൂന്നാമൻ: കാക്ക ഇറച്ചി കൊത്തുന്നത് കണ്ടില്ലേ. ഇതാണോ മനുഷ്യനെ തീററുന്നത്.

കുമാരൻ: ഇതൊക്കെ വളർത്തുകാക്കയല്ലേ.

മുതലാളി: നിങ്ങക്ക് മനസ്സുണ്ടെങ്കിൽ വാങ്ങിയാൽ മതി.
ഒന്നാമൻ: ഇതിനൊക്കെ ഇവിടെ നിയമങ്ങളും ഇല്ലേ.
ഞാൻ പഞ്ചായത്തിൽ പരാതി കൊടുക്കും.
മുതലാളി: ഊം....ചെല്ല്....ചെല്ല്....

രംഗം രണ്ട്

പഞ്ചായത്ത് ഓഫീസ്.
പ്രസിഡൻറ് അവിടെയുണ്ട്. ഒന്നാമനും രണ്ടാമനും മൂന്നാമനും എത്തുന്നു.

പ്രസിഡൻറ്: ആ....മാഷോ....വരാ....വരാ....
എന്താ വിശേഷം.

ഒന്നാമൻ: വിശേഷമുണ്ട്. ആ അറവുശാലയിലെ നാററവും വൃത്തികേടും തീർക്കാൻ വഴിയൊന്നുമില്ലേ?

രണ്ടാമൻ: ഈച്ചയും പട്ടിയും തിന്ന ഇറച്ചിയാണവിടെ വിൽക്കുന്നത്.

പ്രസിഡൻറ്: സംഗതി മനസ്സിലായി. മാഷേ ...സംഗതി വഷള തന്നെയാ

ഒന്നാമൻ: ഇതറിഞ്ഞിട്ടാണോ ഒരു നടപടിയും എടുക്കാതിരിക്കുന്നത്?

രണ്ടാമൻ: ഇതിനു ചില നിയമമൊക്കെയില്ലേ?

പ്രസിഡൻറ്: ഉണ്ട്...മാഷേ. നിയമമുണ്ട്. പക്ഷേ

ഒന്നാമൻ പിന്നെയെന്താ....പക്ഷേ. പ്രസിഡൻറിന് ഇറച്ചി ഫ്രീ ആയിരിക്കും.

പ്രസിഡൻറ്: മാഷങ്ങനെ തെററിദ്ധരിക്കുന്നതിൽ എനിക്ക് അത്ഭുതമില്ല. എന്നാലും യാഥാർത്ഥ്യം പറയാം.

രണ്ടാമൻ എന്താ....അത്.

പ്രസിഡൻറ്: അറവുശാലക്കു് ലൈസൻസു കൊടുക്കാൻ കർശനമായ നിബന്ധനകളൊക്കെയുണ്ട്....ഇനി കേട്ടോളൂ. (നിബന്ധനകൾ വായിക്കുന്നു.)

ആൾപാർപ്പുള്ള വീടുകൾ, സ്ഥിരമായി ആൾക്കാർ ബന്ധപ്പെടുന്ന കെട്ടിടങ്ങൾ എന്നിവയിൽനിന്ന് 70 മീററും, പൊതുവഴിയിൽ നിന്ന് 20 മീററും അകലെയായിരിക്കണം അറവുശാലകൾ. ഇതിൻെറ വാതിലുകൾ പൊതുസ്ഥലത്തേക്ക് തുറന്നിടാൻ പാടില്ല. അറക്കുന്ന മൃഗങ്ങളെ മൃഗ ഡോക്ടർ പരിശോധിച്ച് സീൽവെച്ച് 43 മണിക്കൂറിനിടയിൽ അറവു നടക്കണം. രാവിലെ 6 മണിക്കും 11 മണിക്കുമിടയിലും വൈകിട്ട് 3 മണിക്കും 6 മണിക്കും ഇടയിലും മാത്രമെ അറവ് നടത്താവൂ. അറവുശാലയിൽ കാക്ക, പട്ടി എന്നിവ കടക്കരുത്. ധാരാളം വെള്ളം ലഭ്യമായിരിക്കണം. ഇതിനെക്കാൾ പ്രധാനമായി

അറവുശാലയിൽനിന്ന് മാംസം വിൽക്കാൻ പാടില്ല. അതിന് പ്രത്യേക സ്റ്റാളുകൾ വേണം. പഞ്ചായത്ത് അതിർത്തിയിൽവെച്ച് അറക്കുന്ന മാംസം മററൊരു പഞ്ചായത്തിൽ വിൽക്കാൻ പാടില്ല. ഒരു അറവുശാല തുടങ്ങുന്ന കാര്യം പ്രാദേശിക പത്രത്തിൽ പരസ്യം ചെയ്ത് അയൽപക്കത്തെ വീട്ടുകാർക്ക് എതിർപ്പില്ലെന്ന് ഉറപ്പിക്കണം.

ഒന്നാമൻ: ഇതിൽ ഒററ നിബന്ധനപോലും അവിടെ പാലിച്ചിട്ടില്ലല്ലോ....

രണ്ടാമൻ: കഷ്ടം തന്നെ!!

പ്രസിഡൻറ്: തുടക്കത്തിൽ ഇതെല്ലാം പാലിച്ചുകൊണ്ടാണ് തുടങ്ങിയത്. പക്ഷേ....

ഒന്നാമൻ: എന്താ പക്ഷേ....

പ്രസി: ക്രമേണ എല്ലാം ലംഘിക്കപ്പെട്ടു.

രണ്ടാ: എന്നിട്ട് എന്തേ നടപടി എടുക്കാതിരുന്നത്. പ്രസിഡൻറും മററും ഇങ്ങനെ പറയുമെന്ന് ഞാൻ കരുതിയില്ല. നമുക്ക് പോകാം. വേറെ വല്ലവഴിയും നോക്കാം.

പ്രസിഡൻറ്: വേറെ വഴി നോക്കണം എന്നത് ശരി തന്നെ. പക്ഷേ അത് നമുക്ക് ഒരുമിച്ചുചെയ്യാം. ഇതൊന്നു കേൾക്കു മാഷേ. ഇതിനെതിരെ പ്രയോഗിക്കാൻ പഞ്ചായത്തിനുള്ള അധികാരം മൂർച്ചയില്ലാത്ത കത്തിപോലെയാ. ഇതാ കേട്ടോളൂ. 5 രൂപ ഫൈൻ അടിക്കാം. എന്നിട്ടും അടക്കുന്നില്ലെങ്കിൽ 5പൈസ അധികപ്പിഴ.

ഒന്നാമൻ: 5രൂപാ ഫൈനോ?

പ്രസിഡൻറ്: അതെ. അതാണ് നിയമം! അതിന് രജിസ്ററർ നോട്ടീസ് അയക്കാൻ തന്നെ വേണം 5 രൂപ 60 പൈസ

രണ്ടാമൻ: അപ്പോ ഈ കൊള്ളരുതായ്മ തുടരാൻ ഏറി കവിഞ്ഞാൽ 5രൂപ യാണ് ചെലവ് അല്ലേ.

പ്രസിഡൻറ്: ഈ കാലഹരണപ്പെട്ട നിയമങ്ങൾ പഞ്ചായത്തിൻെറ പ്രവർത്തനത്തിന് തടസ്സമുണ്ടാക്കുന്നു. ഇത് മാറാതെ പററില്ല. അതിന് നിങ്ങളൊക്കെ സഹകരിക്കണം. പ്രവർത്തിക്കണം.

—Still—

നരേററർ: ജനങ്ങളുടെ തെരഞ്ഞെടുത്ത പ്രതിനിധികൾ അടങ്ങുന്ന പഞ്ചായത്തുകളെ ദുർബലമാക്കുന്നതിൽ വലിയൊരു പങ്ക് ഈ കാലഹരണപ്പെട്ട നിയമങ്ങൾക്കാണ്. ഇവ മാറണം. കേന്ദ്രത്തിൽ കേന്ദ്രീകരിച്ചിരിക്കുന്ന അധികാരം സംസ്ഥാനങ്ങളിലേക്കും അവിടെനിന്ന് ജില്ലകളിലേക്കും പഞ്ചായത്തിലേക്കും വികേന്ദ്രീകരിക്കണം. അപ്പോഴേ ജനാധിപത്യം സാർത്ഥകമാകൂ.

നമ്മുടെ ഗ്രാമങ്ങൾ

ഗ്രാമങ്ങളിലെ ജീവിക്കുന്ന
ഭാരതമെന്ന് പറഞ്ഞവർ നാം.
ഗ്രാമീണന്റെയുയർച്ചയിലൂടി-
നാടിന്മോക്ഷം കണ്ടവർ നാം

എഴുപത്കോടി ജനങ്ങളിലെൺപത്
ശതമാനവുമീ ഗ്രാമത്തിൽ
അവർക്കു നന്മ വരുത്തും വികസന
പരിപാടികളോ നഗരത്തിൽ

എന്തുവിരോധാഭാസം, വികസന
മിത്ര നടന്നു കഴിഞ്ഞിട്ടും
ഇന്ത്യയിലിന്നും പിന്നിൽ ക്കഴിയു-
ന്നഞ്ചരലക്ഷം ഗ്രാമങ്ങൾ

ഒന്നെൻ കൂടെ വരാമോ കാണാം
നമ്മുടെ ഗ്രാമവിശേഷങ്ങൾ
എന്നിട്ടൊന്ന് പറഞ്ഞുതരൂ നാ-
മെന്തേ നേടിയതിതുവരെയും.

പുകയിലപോലെ വാടിക്കരിഞ്ഞ-
തൊഴിലാളികളെ ക്കണ്ടില്ലേ.
വയലേലകളിൽ തെങ്ങിൻ തോപ്പിൽ
നിഴലുകൾ പോലവർ നീങ്ങുന്നു.

അറുപതിലേറെ വയസ്സായ് വിശ്രമ
മറിയാത്തവനാണയ്യപ്പൻ
എത്രവയസ്സു കഴിഞ്ഞെന്നിനിയും
നിശ്ചയമില്ലാ ചാത്തപ്പൻ

വയലേലകളിൽ തെങ്ങിൻ തോപ്പിൽ
നിഴലുകൾ പോലവർ നീങ്ങുന്നു.
മഞ്ഞും മഴയും വെയിലും കൊണ്ടവർ
ഇന്നും മണ്ണിൽ പണിയുന്നു.

ഉരുക്കുകൈകളവർക്കുള്ളതിനാൽ
വിശപ്പുമാറുന്നീലോകം
കുപ്പായത്തിൽ മാന്യത കാട്ടിഞെ-
ളിഞ്ഞു നടക്കുന്നീ ലോകം.

ഒരുപിടിയാൾക്കാർ കുത്തകകൾ
ഒരുപാടിവിടെ പാവങ്ങൾ
ഇതായിരുന്നോ ബാപ്പുജി നൽകിയ
സ്വാതന്ത്ര്യ ഭാരത സങ്കൽപം.

വിദ്യാഭ്യാസം സ്വകാര്യ മേഖല
കുത്തകയാക്കാൻ നോക്കുന്നു.

നേരിട്ടായാൽ സർക്കാരായാൽ
കാശുണ്ടാക്കാൻ വഴിയെന്തു്?
സ്വകാര്യമേഖല മാനേജരുടെ
കറവപ്പശുവാണറിയാമോ?
അവരെപ്പോററാൻ നമ്മള നൽകണ
നികുതിപ്പണമാണറിയാമോ?
ഇതാണ് നമ്മുടെ വിദ്യാഭ്യാസം
ആഭാസം വെറുമാഭാസം.
ഇതിനു വേണ്ടീട്ടാണോ നമ്മള
നേടിയെടുത്തത് സ്വാതന്ത്ര്യം?

മരുന്ന് സിനിമാ ടെലിവിഷനെല്ലാം
തരുന്നുവെല്ലോ കുത്തകകൾ
അവരുടെ മേന്മകൾ വാഴ്ത്തിപ്പാടാൻ
ഒരുപാടല്ലോ പത്രങ്ങൾ.

വികസനം

തലമുറയൊന്നു കഴിഞ്ഞില്ലേ നാം
സ്വതന്ത്രഭാരതമായിട്ട്
വികസനമൊരുപാടായില്ലേ നാ-
മെന്തേ നേടിയതെന്നിട്ട്?
ഒരു ശതമാനം ഭൂമിയിൽ നാലര
ശതമാനം ജനമാണിവിടെ
നാമാണിരുപത് ശതമാനത്തിൽ
വിദേശനാണ്യം നേടുന്നോർ.
ഇന്ത്യയിലുല്പാദിപ്പിക്കുന്നവ
യെന്തുകുരുപ്പാണെന്നാലും
ശതമാനം പതിനെട്ടും കേരള
ജനമാണെല്ലോ വാങ്ങുന്നു.
ആയുർദൈർഘ്യം ശിശുമരണക്കുറ-
വാരോഗ്യസ്ഥിതി സാക്ഷരത
ഇവയിൽ വികസിതരാജ്യങ്ങൾക്ക്
സമമായ് നിൽപത് നാം മാത്രം
ഒക്കെശ്ശരിയാണൊരു വശമാണിത്
മറെറാരു വശമോ ദയനീയം
ഭക്ഷണ മന്യരു തന്നില്ലെങ്കിൽ
പട്ടിണിയല്ലോ മലയാളം.
പഞ്ചായത്തിന് ചില കാര്യങ്ങളി-
ലുണ്ടായ്ത്തീരണമധികാരം
അതിനു മുകളിൽ ജില്ലാ പരിഷ-

ത്തതിന്നു മീതേ മന്ത്രിസഭ
കൃഷിയാരോഗ്യം വ്യവസായം
ജലസേചനവും കൈത്തൊഴിലും
ദുരിതനിവാരണമിവയുടെ ചുമതല
പഞ്ചായത്തിന് നൽകേണം.
വിഭവം കുത്തക കൂടുന്നൂ
തൊഴിലില്ലാത്തവരേറുന്നൂ
അവയെക്കൂട്ടിയിണക്കാൻ നമുക്ക
കഴിവില്ലാതായ് തീരരുത്.
വ്യവസായങ്ങൾ വേണം പക്ഷേ
വിഷമീ നാട്ടിൽ വിളമ്പരുത്
മരുന്നുവേണം പക്ഷെ രോഗികൾ
വിഷം കഴിച്ചു മരിക്കരുത്.
പരസ്യമെന്നൊരു മറവിൽ പച്ച-
ക്കള്ളം പത്രം പറയരുത്.
റേഡിയോ ടെലിവിഷനൊന്നും കുത്തക
യാവും മട്ട നടത്തരുത്.
കുത്തകയവരുടെയുൽപന്നങ്ങൾ
ക്കിഷ്ടം പോൽ വിലയേററുന്നു
കുത്തക നമ്മുടെയുല്പന്നങ്ങൾ
ക്കിഷ്ടം പോൽ വില താഴ്ത്തുന്നു
ഉൽപാദകനാണവനുണ്ടാക്കു-
ന്നുൽപന്നത്തിൽ വിലപറയാൻ
എങ്ങോവാഴും മുതലാക്കിതി-
നെന്തധികാരം നാട്ടാരേ....
വിഭവസമൃദ്ധം സമ്പന്നം ഈ
മലയാളക്കരയെന്നാലും
പരമ ദരിദ്രന്മാരാണിവിടെ
ക്കഴിയും ജനതതിയെന്നാളും!
റബ്ബറു കുരുമുളകേലം തേയില
കൊക്കോ ഗ്രാമ്പൂ പുൽത്തൈലം
ഉൽപാദന രംഗത്തിവ നമ്മുടെ
കുത്തകയല്ലേ ശരിയല്ലേ
നമ്മുടെ റബ്ബറിനില്ല വില
നമ്മുടെ തേങ്ങക്കില്ല വില
നമ്മുടെ തേയില കയറിന് കാപ്പി
ക്കൊന്നിനുമില്ലാ നല്ലവില
കാട്ട നമുക്കൊരു സമ്പത്ത് കട-
ലതിലും വലിയൊരു സമ്പത്ത്
കടലോരത്തെ മണൽ തരിപോലും
വിലതീരാത്തൊരു സമ്പത്ത്
എന്നിട്ടും നാം എങ്ങിനെയിത്തറ
പിന്നിൽപ്പോകാനിടയായി
നമ്മുടെ വികസന മടിമുടിതെററാ
ണെന്നതിനിതുമൊരു തെളിവായി

വികസനജാഥ മുദ്രാഗീതങ്ങൾ

അൽപം ചരിത്രം—

1 പലനാളം നമ്മളം പാടിനടന്ന
ഗ്രാമം നാടിൻ നട്ടെല്ലെന്ന്
പണ്ടുമുതൽ പലപ്രമേയങ്ങളം
പാസാക്കി നാം ഗ്രാമങ്ങൾക്കായ്
നിയമം വന്നു നിത്യവുമേറെ
മുദ്രാവാക്യവുമുണ്ടായി
നയങ്ങളം മാറിമറിഞ്ഞേവന്നു
പല പരിപാടികളം പ്രഖ്യാപിച്ചു
പദ്ധതിയേഴു കഴിഞ്ഞെന്നാലീ
ഗ്രാമങ്ങൾക്കെന്തുണ്ടായി?
വർഷം നാൽപത്തു പിന്നിട്ടന്നൊൽ
ഗ്രാമീണർക്കെന്തുണ്ടായീ?
ഒന്നിനിനിങ്ങളം കേൾക്കു കാണാം
നമ്മുടെ നാടിൽ ദീനമുഖം
ഒന്നെൻകൂടെ വരാമോ കാണാം
കരിഞ്ഞുണങ്ങിയ ഗ്രാമമുഖം.

2 പഞ്ചായത്തിൻ കഥയോർത്താൽ
പഴയ ചരിത്രം പലതുണ്ടേ.
പഴമക്കഥയും പറഞ്ഞിരുന്നവർ
മുന്നോട്ടേറെ പ്പോയില്ലാ നാം.
ഗ്രാമത്തിൻെറ പുരോഗതിയെന്നാൽ
പഞ്ചായത്തിൻ വികസനമെന്നത്
അറിയാൻ നമ്മളം ശ്രമിച്ചില്ല,
അറിഞ്ഞുവന്നത് വൈകിപ്പോയി
പദ്ധതി പലതുണ്ടെന്നാലും
പണമില്ലാഞ്ഞാൽ പണിയില്ലാ
പണമുണ്ടായി വരുമ്പോഴോ
പണികളം പലതും പാഴ്‌വേലാ
പഞ്ചായത്തിൻ പ്രസിഡൻറന്നാൽ
സ്ഥാനമതേറെ പ്രിയങ്കരം
പഞ്ചായത്തിന്നധികാരങ്ങളോ
കഷ്ടമതേറെ പ്പരിതാപകരം
അമ്പതുരൂപയിലേറും ചെലവിന്
വമ്പന്മാരങ്ങെത്തേണം
ഹജ്ജൂർ കച്ചേരിപ്പടിവാതിൽ
മുട്ടി വിളിച്ചു നടക്കേണം.
കിണർ കുഴിക്കാൻ സ്കൂളുതുറക്കാൻ
തോടുകളം വെട്ടാനെല്ലാററിന്നും
സർക്കാർ നൽകും നക്കാപ്പിച്ച
ക്കാശിനുവേണ്ടിയിരക്കേണം
നാടിൻവികസന മാർഗം നോക്കാൻ
നാട്ടാർക്കിനിയും ആവില്ലെന്നോ
മേലാളന്മാർ കല്പിക്കും പടി
ചെയ്യാനാണോ പഞ്ചായത്ത്.
മാറേണം ഇതു മാറേണം
അതിനായ് ജനതതിയുണരേണം

നാടിനു വേണ്ടതു നേടിയെടുക്കാൻ
നാട്ടാർക്കാവണമധികാരം.
അതിനായ് നമ്മുടെ വികസനതന്ത്രം
തിരുത്തിയെഴുതു സർക്കാരേ
അധികാരങ്ങൾ ജനങ്ങളിലെത്തും
മാർഗമതല്ലേ ജനാധിപത്യം
ജനാധിപത്യം വിജയിക്കാൻ
അധികാരങ്ങൾ ജനങ്ങൾക്ക്
വികസനചിത്രം മാററിവരയ്ക്കാൻ
അധികാരങ്ങൾ ജനങ്ങൾക്ക്
അതാണു നമ്മുടെ പരിപാടി
അതാണ് പരിഷത് മുദ്രാവാക്യം
അതുനേടാനായണിചേരൂ
പരിഷത്തിൻെറ കൊടിക്കീഴിൽ.

അടുപ്പ്—

കാടില്ല മരമില്ല.
നാട്ടിലൊരു പിടിവിറകില്ല
വിറകിനുതീ വിലയേറുന്നു
ഇതിനന്താണൊരു പരിഹാരം.
പുലരും മുതലങ്ങിരവോളം
തീയൂതിക്കരൽ വിങ്ങുന്നു.
നാല്പതുകോടി ജനങ്ങളുമിന്നും
പട്ടിണിരേഖയ്ക്കടിയിൽ തന്നെ
അക്ഷരമെഴുതാനറിയാത്തവരാ
ന്നൂററുക്കെഴുപത്തു പേരും നാട്ടിൽ
പരമ്പരാഗത വ്യവസായത്തിൻ
ഗതികേടിനിയും നീളുന്നു.
കൃഷിയുടെ കാര്യം പറയേണ്ടാ
ആണ്ടോടാണ്ടതു കീഴോട്ടായി.
തൊഴിലില്ലായ്മയുമേറുന്നു
രോഗാതുരതയുമേറുന്നു.
വികസനതന്ത്രം തിരിഞ്ഞുപോയ്
നാം തലകീഴായോ വളരുന്നു.
മാറേണ്ടേയിതു മാറേറണ്ടേ
ആലോചിയ്ക്കൂ നാട്ടാരേ
അതിനായ് നമ്മുടെ വികസനതന്ത്രം
തിരുത്തിയെഴുതു സർക്കാരേ

വികസനം— പഞ്ചായത്തിൽ

നമ്മുടെ പ്രിയരാം സോദരിമാർ
പലതര രോഗികളാകുന്നു.
നമ്മളറിഞ്ഞും അറിയാതേം
നാടിന്നാകെ സമ്പത്തിൽ
കോടികൾ കോടികൾ ചോരുന്നു.
അവ അടുപ്പിലൂടെ കരിയുന്നു.
ഇതിനെന്താണൊരു പരിഹാരം
പരിഷത്തടുപ്പിതാലംബം
വിറകോ അല്പം മതിയല്ലോ

പുകയതിൽ ലേശവുമില്ലല്ലോ.
വിലയിൽ കുറിവും നേടാല്ലോ
വിജയം അതുകൊണ്ടാവല്ലോ,
ദക്ഷതക്കുട്ടമിയടപ്പനിങ്ങൾ
ഉപയോഗിക്കു നാട്ടാരേ.

കൃഷി —

4 വിത്തില്ലേ വളമില്ലേ
വിതച്ചുകൊയ്യാൻ മണ്ണില്ലേ
അധ്വാനിയ്ക്കാൻ കയ്യില്ലേ
ആൾശേഷിയ്ക്കോ കുറവുണ്ടോ
എന്നിട്ടെന്തേ നമ്മുടെ നാട്ടിൽ
കറിയ്ക്കു വെട്ടാൻ കായില്ല
എന്നിട്ടെന്തേ നമ്മുടെ നാട്ടിൻ
വച്ചുവിളമ്പാനരിയില്ല.
അധ്വാനത്തിൻ ശേഷിയെ നമ്മൾ
പണയം വച്ചുനടക്കുന്നു
പരാശ്രയത്വത്തണലിൽ ഇന്നും
പണ്ടേപ്പോലെ കഴിയുന്നു.
പച്ചക്കറിയുടെ കാര്യമതാണേൻ
ഗതികേടെന്തൊരു സ്ഥിതിയിന്നു്
വെണ്ട വഴുതന മത്തനുമെല്ലാം
വെളിനാട്ടിൻനിന്നെത്തേണം
അരിയും മുളകും കടുകും പയറും
എല്ലാ മകലേന്നെത്തേണം
അറിയൂ നിങ്ങൾ നാട്ടാരേ
കേരള നാട്ടിൻ ഗതികേട്
മാറേണ്ടേ ഗതിമാറേറണ്ടേ
ആലോചിയ്ക്കൂ നാട്ടാരേ
അരനിമിഷം ഇനി കളയാതെ
മണ്ണിലിറങ്ങി പ്പണിയ്യാം.
അരയും തലയുമുറുക്കി നമ്മൾ
ക്കധ്വാനിയ്ക്കാം നാട്ടാരേ
മലയാളക്കരയാകത്തന്നെ
വിളകൾ കൊണ്ടിനിനിറയട്ടെ,

പരിഷത്തിൻെറ കഥ—

5 അറുപത്രണ്ടിൽ ഇരുപതു പേരിൽ
തുടങ്ങിവച്ചോരു പ്രസ്ഥാനം
അറുപതിനായിരമായി വളർന്നൊരു
കഥചൊല്ലാമിനിനാട്ടാരേ

ശാസ്ത്രത്തിൻെറ രഹസ്യങ്ങൾ
മലയാളത്തിൽ പഠിക്കുവാൻ
അതു മലയാളത്തിൽ പകർത്തുവാൻ
ജന്മംകൊണ്ടൊരു പ്രസ്ഥാനം
ശാസ്ത്രത്തിൻെറ മഹത്വമതേറെ ജനങ്ങളിലെത്തിച്ചു
അറിവിൻ കൈത്തിരികത്തിക്കാൻ
ലേഖനമെഴുതി ക്ലാസ്സ് നടത്തി
പുസ്തകമേറെ പ്രചരിപ്പിച്ചു
ഏറെ പ്രായം ചെന്നവർ തൊട്ടാ
സ്കൂളിൽ പോകും കുട്ടികൾവരെയും
പരിഷത്തിൻെറ കൊടിക്കീഴിൽ
പല തട്ടിൽ വന്നണിചേർന്നു
അറിവെന്നാലതു ചിലരുടെയൊക്കെ
കുത്തകയല്ലെന്നോതി നമ്മൾ
അറിവെല്ലാർക്കും ഒരുപോലെ
അർഹതയാണെന്നറിയിച്ചു.
ശാസ്ത്രത്തിൻെറ പുരോഗതിയിൽ
സമൂഹ വിപ്ലവമകലെക്കണ്ടു
അതിൽ പങ്കാളിത്തം നേടാനായ്
ജനതയെയാകെയുമൊന്നിപ്പിച്ചു
വികസനമെന്നൊരു മറചാർത്തി
മനുഷ്യഹത്യ നടത്തുന്നതിനെ
പരിസ്ഥിതിക്കു കളങ്കം ചാർത്തും
പരിപാടികളെച്ചെറുത്തു നമ്മൾ
ജാതിമതങ്ങൾക്കതീതമായി
രാഷ്ട്രീയത്തിൻ നിറമില്ലാതെ
ജനകീയതയുടെ ശക്തിയിൽ നമ്മൾ
പുത്തൻപാതയൊരുക്കിയെടുത്തു
അറിവിൻ വെട്ടം കലയിൽകൂടി
പ്പകർന്നു നൽകാൻ പരിശ്രമിച്ചു
നാടിനുചേരും സങ്കേതങ്ങൾ
കണ്ടുപിടിക്കാൻ പരിശ്രമിച്ചു
ദേശീയതയുടെ മാർഗത്തിൽ
പുത്തൻ മേഖലതേടിപ്പോയി
ജനകീയ ഐക്യമാർഗത്തിൽ
ശാസ്ത്ര ശൃംഖല സൃഷ്ടിച്ചു
അക്ഷരമുള്ളിലുറപ്പിക്കാൻ
അറിവില്ലായ്മയകററാനായ്
അശാസ്ത്രീയതകൾ ചെറുക്കാനായ്

അരുത്തുകരം പൊട്ടിച്ചെറിയാനായ്
ഉറച്ച ശബ്ദവും ഉറച്ചമാർഗവും
ഉറച്ച കാൽവയ്പുകളോടെ
ജനശാസ്ത്രത്തിൽ പ്രസ്ഥാനം
ശാസ്ത്രപരിഷത്തെത്തുന്നൂ
പിന്നിട്ടെത്തിയ മാർഗത്തിൽ
മുന്നോട്ടേറെപ്പോകാനായ്
പുതിയൊരു നാളയെ സൃഷ്ടിയ്ക്കാൻ
പുതിയൊരു നാടിൻ സൃഷ്ടിയ്ക്കായ്
അതിനായ സമ്മരംക്കണിചേരാം
ശാസ്ത്രത്തിൻെറ കൊടിക്കീഴിൽ
അതിനായ് നമ്മരംക്കണിചേരാം
പരിഷത്തിൻെറ കൊടിക്കീഴിൽ —

മാപ്പിളപ്പാട്ട്

ഭൂരിപക്ഷത്തിന്നുയർച്ചയാണല്ലോ, വികസനമോർക്കേണം.
—അങ്ങിങ്ങായി

കുത്തകക്കാരു തടിച്ചുകൊഴുക്കുന്നതല്ലെന്നറിയേണം.
നാട്ടിൽ വികസനം സാധ്യമാക്കാനായിട്ടെന്തൊക്കെ ചെയ്യണം
—തൊഴിൽ

സാധ്യത കൂട്ടി ചെറുപ്പക്കാർക്കൊക്കെയും ജോലി ലഭിക്കണം
കാർഷികരംഗത്തെ മാന്ദ്യങ്ങരം മാറേറണം
സാമ്പത്തികരംഗത്തെ മുരടിപ്പകറേറണം
സമ്പത്തെല്ലാർക്കും സമമായ് പകുക്കേണം
നിക്ഷേപം കൂടേണം—വ്യവസായരംഗം വളർത്തേണം
(ഭൂരി—)

ചൂഷണമെല്ലാമകററി ജനങ്ങരംക്കു ക്ഷേമം വരുത്തേണം
—അധികാരം

ഗ്രാമത്തിലേക്കു കൈമാറണമാകെവികേന്ദ്രീകരിക്കേണം.
ശാസ്ത്രബോധം നൽകി അന്ധവിശ്വാസങ്ങളെല്ലാമകറേറണം
—പുത്തൻ

ശാസ്ത്രസങ്കേതങ്ങരം ചൂഷണം ചെയ്തു വികസനം നേടേണം.
പാവങ്ങരംക്കെല്ലാം കിടപ്പാടം കിട്ടേണം
ഭക്ഷണം വസ്ത്രമതെല്ലാം ലഭിക്കേണം
അക്ഷരജ്ഞാനമവശ്യമുണ്ടാകേണം
പട്ടിണി മാറേറണം. ഈ നാടിൻെറ
മട്ടാകെ മാറേറണം. (ഭൂരി—)